(v 1985-ലെ റൂബി റബ്ബർ വർക്സ് (പ്രൈവറ്റ്) ലിമിറ്റഡ് (സ്ഥാപനങ്ങൾ ഏറ്റെടുക്കൽ) ബിൽ

ശ്രീ. കെ. സി. ജോസഫ്: സർ, 1985-ലെ റൂബി റബർ വർക്സ് (പ്രൈവറ്റ്) ലിമിറ്റഡ് (സ്ഥാപനങ്ങൾ ഏറ്റെടുക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുകയാണ്. കഴിഞ്ഞ ഒന്നരക്കൊല്ലമായി തൊഴിൽക്കുഴപ്പങ്ങളൊന്നുമില്ലാതെ മാനേജ്മെന്റിന്റെ തെറ്റായ നയങ്ങൾ മൂലം, മാനേജ്മെന്റിന്റെ മിസ്മാനേജ്മെന്റുമൂലം അടച്ചിടപ്പെട്ട ഈ സ്ഥാപനം പൂട്ടിയിട്ട സാഹചര്യത്തിൽ ഏതാണ്ട് 400-ലേറെ തൊഴിലാളികളും പട്ടിണിയിലാണ്. വളരെ പ്രശസ്തമായി നടന്നുവന്ന ഒരു വ്യവസായസ്ഥാപനമാണ് ചങ്ങനാശ്ശേരിയിലെ റൂബി റബ്ബർ വർക്സ്. ഇടക്കാലത്ത് പ്രശ്നങ്ങളുണ്ടായപ്പോൾ ഇൻഡസ്ട്രിയൽ റീ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ഐ. ആർ. സി. ഐ) ഈ സ്ഥാപനം ഏറ്റെടുത്തു. കഴിഞ്ഞ പത്തു കൊല്ലക്കാലം റിലീഫ് അണ്ടർടേക്കിംഗ് ആയി പ്രഖ്യാപിച്ച ആ സ്ഥാപനം ആ കാലഘട്ടത്തിൽ ഐ. ആർ. സി. ഐ. മാനേജ് ചെയ്തു. പത്തു കൊല്ലക്കാലത്തെ മിസ്മാനേജുമെന്റുകൊണ്ട് വീണ്ടും ആ സ്ഥാപനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങി. അതിന്റെ ഫലമായി 1985 ജനുവരി മുതൽ കഴിഞ്ഞ ഒന്നരക്കൊല്ലക്കാലമായി അടച്ചിട്ട ആ സ്ഥാപനം ഇന്നും പൂട്ടിക്കിടക്കുകയാണ്. സംസ്ഥാനഗവൺമെന്റിന്റെ ഉത്തരവാദിത്തമില്ലായ്മയാണ് ഇങ്ങനെ സംഭവിക്കാൻ കാരണം. കേരളത്തിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനവും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനവുമായ ഈ സ്ഥാപനം തുറപ്പിക്കുവാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. ഇന്ന് ഇൻഡ്യാഗവൺമെന്റിനും ദേശവൽകൃത ബാങ്കായ കാനറാ ബാങ്കിനും വമ്പിച്ച മുതൽമുടക്കുള്ള ഈ സ്ഥാപനത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച്, ആ സ്ഥാപനത്തിന്റെ മാനേജ്മെന്റ് താൽക്കാലികമായെങ്കിലും ഏറ്റെടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, റൂബി റബ്ബർ വർക്സിലെ പ്രശ്നത്തെ സംബന്ധിച്ച് അവസാനമായി റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഈ കമ്പനി ഏറ്റെടുത്തു നടത്തുന്നതിനുള്ള താൽപ്പര്യം പ്രകടിപ്പിച്ചിരിക്കയാണ്. അതിനെ സംബന്ധിച്ച് കാനറാ ബാങ്ക് ഉദ്യോഗസ്ഥൻമാരുമെല്ലാംകൂടി ചില യോഗങ്ങളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങളും ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് വൈൻറിംഗ് അപ്പിനെ സംബന്ധിച്ചുള്ള കേസ് ഹൈക്കോടതിയിൽ വന്നത്. ആ കേസിനു സമയം നീട്ടിക്കൊടുക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെടുകയാണ്. സമയം നീട്ടിക്കൊടുത്താൽ മാത്രമേ മറ്റു കാര്യങ്ങളും ആലോചിച്ച് തീരുമാനിക്കുവാൻ സാധിക്കുകയുള്ളു. ആ നിലയിലാണ് ഇപ്പോൾ അതിന്റെ സ്ഥിതി.

മി. സ്പീക്കർ: പ്രമേയം സഭ തള്ളിയിരിക്കുന്നു. പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly